(സി) തുക മുഴുവൻ ചെലവഴിച്ചോ;

(ഡി) ഇല്ലെങ്കിൽ എന്തുതുക ചെലവാക്കി എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ.ഇ.സി. യുടെ സഹായത്തോടെ നടപ്പാക്കുന്ന കേരളാ മൈനർ ഇറിഗേഷൻ പദ്ധതിയുടെ കീഴിൽ 1998-99 വർഷം പുതിയ കുളങ്ങൾ ഒന്നുംതന്നെ കുഴിച്ചിട്ടില്ല. 24 കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ പണികൾ നടത്തിയിട്ടുണ്ട്.

(ബി) 1,87,47,000/- രൂപ വകകൊള്ളിച്ചിരുന്നു.

(സി) ഇല്ല.

(ഡി) 31.3.99 വരെ 1,43,44,193/- രൂപ ചെലവായിട്ടുണ്ട്.

47 (2738) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്ക് വിദേശ സഹായം

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഏതൊക്കെ പദ്ധതികൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ട്; ഏതൊക്കെ രാജ്യത്തെ ഏതൊക്കെ സാമ്പത്തിക ഏജൻസികളിൽനിന്നും സഹായം ലഭിക്കുന്നുണ്ട്;

(ബി) വിദേശ സഹായം ലഭിക്കുവാൻ ഉദ്ദേശിച്ച് തയാറാക്കിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാം; പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓരോ വർഷവും മുതലും പലിശയും ഉൾപ്പെടെ എത്ര ലക്ഷം രൂപ വാട്ടർ അതോറിറ്റി കടം എടുത്ത് തിരികെ അടയ്ക്കുന്നുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന താഴെപ്പറയുന്ന 5 പദ്ധതികൾക്ക് ഒ.ഇ.സി.എഫ് (ജപ്പാൻ) എന്ന സാമ്പത്തിക ഏജൻസി സഹായം നൽകുവാൻ സമ്മതിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം നഗര വിപുലീകരണ പദ്ധതി.

2. മീനാടും സമീപവില്ലേജുകളും ഉൾപ്പെട്ട ശുദ്ധജലവിതരണ പദ്ധതി.

3. ചേർത്തലയും സമീപവില്ലേജുകളും ഉൾപ്പെട്ട ശുദ്ധജല വിതരണ പദ്ധതി.

4. കോഴിക്കോട് നഗര വിപുലീകരണ പദ്ധതി.

5. പട്ടുവവും സമീപവില്ലേജുകളും ഉൾപ്പെട്ട ശുദ്ധജലവിതരണ പദ്ധതി.

കൂടാതെ ലോകബാങ്ക് നെതർലാന്റ്, ഡെൻമാർക്ക് എന്നീ വിദേശ രാജ്യങ്ങളുടെ ധനസഹായത്തോടെയും ജലവിതരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായം 31.3.94 ലും ഡാനിഡ ധനസഹായം 31.3.96 ലും അവസാനിച്ചു. നെതർലാന്റ് ഗവൺമെന്റിന്റെ ധനസഹായത്തോടെ ആരംഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

8 പദ്ധതികളിൽ 6 എണ്ണം പൂർത്തിയായി. ഇതിൽ കുണ്ടറ, പാവറട്ടി എന്നിവയുടെ പണികൾ നടന്നുവരുന്നു. ഇതിന് രണ്ടിനും മാത്രമേ ഇപ്പോൾ സഹായധനം ലഭിക്കുന്നുള്ളൂ.

(ബി) പൊതുജന പങ്കാളിത്തത്തോടെ കേരളത്തിലെ ഗ്രാമീണ മേഖലയിലൊരു ശുദ്ധജല വിതരണം നടത്തുന്നതിനായി ലോക ബാങ്കിൽനിന്നും ധന സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകബാങ്കിന്റെ അനുമതി ലഭിക്കുന്ന മുറക്ക് പദ്ധതികളെ തിരഞ്ഞെടുക്കുന്നതാണ് ഫ്രഞ്ചു ഗവൺമെന്റിന്റെ ധനസഹായം പ്രതീക്ഷിച്ചുകൊണ്ട് കൽപ്പറ്റ, ആലപ്പുഴ എന്നീ പട്ടണങ്ങൾക്കും സമീപഗ്രാമങ്ങൾക്കും കൂടാതെ ചീമേനിയും സമീപപ്രദേശങ്ങൾക്കും കൊച്ചി മേഖലയ്ക്കു വേണ്ടിയും നാലു പദ്ധതികളുടെ രൂപരേഖ തയാറാക്കിയിട്ടുണ്ട്. ഇതു വളരെ പ്രാരംഭ ദിശയിലാണ്.

(സി) വിദേശ സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ധനസഹായം നേരിട്ട് കേന്ദ്രഗവൺമെന്റിനാണ് ലഭിക്കുന്നത്. ഇതുമുതലും പലിശയുൾപ്പെടെ തിരിച്ചടക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്. ഈ പദ്ധതികൾക്കാവശ്യമുള്ള തുക സംസ്ഥാന സർക്കാർ പദ്ധതിവിഹിതമായി കേരള വാട്ടർ അതോറിറ്റിക്കു നൽകുന്നു. പദ്ധതി വിഹിതം കടമായും ഗ്രാന്റായുമാണ് നൽകുന്നത്. ഇവയിൽ, നെതർലാന്റ് ഡാനിഡ (ഡെൻമാർക്ക്) എന്നീ വിദേശ ഗവൺമെന്റുകളിൽ നിന്നും ലഭിച്ചിട്ടുള്ള തുക ഗ്രാന്റായിട്ടാണ് ലഭിച്ചിട്ടുള്ളത്. ലോകബാങ്കിൽനിന്നും ലഭിച്ചിട്ടുള്ള വായ്പ 2001 ജനുവരി ഒന്നുമുതലാണ് തിരിച്ചടയ്ക്കേണ്ടത്. ഒ.ഇ.സി.എഫിൽ (ജപ്പാൻ) നിന്നുമുള്ള വായ്പ ഇതുവരെ ലഭിച്ചിട്ടില്ല.

48 (2739) കാക്കടവ് ജലസേചന പദ്ധതി

<u>ശ്രീ. പി. രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാക്കടവ് ജലസേചന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ജനങ്ങളിൽനിന്നും ഈ പദ്ധതിക്ക് എതിർപ്പുകൾ ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നേവൽ അക്കാഡമിക്കും, ചീമേനിയും സമീപ പഞ്ചായത്തുകളിലേക്കും വേണ്ടിയുള്ള ശുദ്ധജല വിതരണത്തിനായി കാക്കടവ് എന്ന സ്ഥലത്ത് ഒരു ഡാം/വിയർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) 4.7.1994 ൽ ജലസേചന വകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടിയ മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം ഈ പദ്ധതി സംബന്ധിച്ച എല്ലാ പ്ലാനുകളും മറ്റു ഫയലുകളും 6.6.1996 ൽ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly